**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3530. 08-11-2019-ലെ മറുപടിക്ക്.

**അമരവിളയിലെ സ്കിൽപാർക്ക്**

ചോദ്യം

ശ്രീ. കെ. ആൻസലൻ

ഉത്തരം

ഡോ. കെ.ടി. ജലീൽ
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | അമരവിളയിൽ അസാപ്പിന്റെ നേതൃത്വത്തിൽ സ്കിൽ പാർക്കിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ എടുത്ത നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; | എ) | നെയ്യാറ്റിൻകര അമരവിള സ്കിൽ പാർക്ക് സ്ഥാപിക്കുവാൻ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള ഭൂമി അസാപ്പിന് കൈമാറുകയുണ്ടായെങ്കിലും പ്രസ്തുത സ്ഥലത്ത് നിലനിന്നിരുന്ന ഇഷ്ടികച്ചൂള പൊളിച്ചു നീക്കുവാൻ മുന്ന് തവണ ടെൻഡർ ക്ഷണിച്ചെങ്കിലും അസസ്മെന്റ് വാല്യൂവിനെക്കാൾ വളരെ കുറഞ്ഞ തുക കോട്ട് (quote) ചെയ്യപ്പെട്ടതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണം യഥാസമയം ആരംഭിക്കുവാൻ കഴിഞ്ഞില്ല. മേൽപ്പറഞ്ഞ ഭൂമിയിൽ ഒരു റവന്യൂ റിക്കവറി കേസ് നിലനിൽക്കുന്നതായി പിന്നീട് അറിയാൻ കഴിഞ്ഞതും നിർമ്മാണം തുടങ്ങുന്നതിന് നിയമപരമായി തടസ്സമായി.<br><br>ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ 12-03-2019-ൽ കൂടിയ യോഗത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനു വേണ്ടി നൽകിയ സ്ഥലത്തെ റവന്യൂ റിക്കവറി സംബന്ധിച്ച വിഷയം ചർച്ച ചെയ്തു തീർപ്പാക്കുന്നതിനും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചു നീക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ പി.ഡബ്ല്യൂ.ഡി-യുമായി ചർച്ച ചെയ്തു സ്ഥലം നിരപ്പാക്കി നൽകുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുന്നതിന് സ്ഥലം എം.എൽ.എ-യെ ചുമതലപ്പെടുത്തുകയുമുണ്ടായി. സ്ഥലം നിരപ്പാക്കി കിട്ടാത്തതിനാലും ബാധ്യത ഒഴിവായതായി അറിയിപ്പ് ലഭിക്കാത്തതിനാലും സ്കിൽ പാർക്കിന്റെ ഓപ്പറേറ്റിംഗ് പാർട്ണർ തീരുമാനം ആകാത്തതിനാലും സ്കിൽ പാർക്ക് നിർമ്മിക്കുവാൻ തീരുമാനം ആയിട്ടില്ല. |

| | | | |
|---|---|---|---|
| ബി) | അമരവിളയിലെ സിഡ്കോയുടെ സ്ഥലത്ത് സ്കിൽ പാർക്ക് നിർമ്മാണത്തിന് ഏറ്റെടുത്ത ഭൂമിയിലെ റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) യും സി) യും | അമരവിളയിലെ സിഡ്കോയുടെ സ്ഥലത്ത് സ്കിൽ പാർക്ക് നിർമ്മാണത്തിന് ഏറ്റെടുത്ത ഭൂമിയിലെ റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിച്ചതായി അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| സി) | റവന്യൂ റിക്കവറി നടപടികൾ അവസാനിച്ച സ്ഥിതിക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ എന്ന് അറിയിക്കുമോ? | | |

Deepak

സെക്ഷൻ ഓഫീസർ